# അധികം നന്മ തരുന്നവൻ

## യെഹെസ്കേൽ 36:8

"നിങ്ങളോ യിസ്രായേൽ പർവ്വതങ്ങളേ, എന്റെ ജനമായ യിസ്രായേൽ വരുവാൻ അടുത്തിരിക്കകൊണ്ടു കൊമ്പുകളെ നീട്ടി അവർക്കുവേണ്ടി ഫലം കായിപ്പിൻ, ഞാൻ നിങ്ങൾക്ക് അനുകൂലമായിരിക്കും."

ബാബേൽ പ്രവാസത്തിലായിരിക്കുന്ന തന്റെ ജനമായ യിസ്രയേലിന്റെ മടങ്ങി വരവിനെക്കുറിച്ച് യെഹെസ്കേൽ പ്രവാചകനുണ്ടായ അരുളപ്പാടാണ് ഈ വാക്യത്തിൽ നാം വായിച്ചത്. എഴുപതുവർഷം ശൂന്യമായിക്കിടന്നിരുന്ന ദേശം. തന്റെ ജനത്തിന്റെ മടങ്ങി വരവിനു മുമ്പേ അവർക്ക് വാസയോഗ്യമായി ഒരുക്കി കൊടുക്കും എന്നാണ് അരുളി ചെയ്യുന്നത്. യെഹെസ്കേൽ 36:11 നിങ്ങളുടെ ആദികാലത്തുണ്ടായിരുന്നതിനെക്കാൾ അധികം നന്മ ഞാൻ നിങ്ങൾക്ക് ചെയ്യും.

യഹോവയുടെ വഴി ത്യജിച്ച് പോയ യിസ്രായേൽ ജനം 70 സംവത്സരം ബാബേലിൽ പ്രവാസക്കാലം അനുഭവിക്കേണ്ടി വന്നു. യഹോവയ്ക്ക് അനിഷ്ഠമായ പ്രവൃത്തികളാൽ ജനം തങ്ങളെത്തന്നെ അശുദ്ധരാക്കി. അതിന്റെ ഫലമായി അവർക്ക് ബാബേലിൽ പ്രവാസം അനുഭവിക്കേണ്ടി വന്നു. സങ്കീർത്തനം 137:1 ബാബേൽ നദികളുടെ തീരത്തു ഞങ്ങൾ ഇരുന്നു. സീയോനെ ഓർത്തപ്പോൾ ഞങ്ങൾ കരഞ്ഞു.

ഇതിന്റെ മദ്ധ്യേ ദൈവം തന്റെ ജനത്തെ കൈവിടുന്നില്ല. പ്രവാസത്തിലായിരിക്കുന്ന ജനത്തിൽനിന്ന് പ്രവാചകനെ എഴുന്നേല്പിക്കുന്നു. യിസ്രായേൽ ജനം പ്രൗഢിയോടെ അവരുടെ വാഗ്ദത്തദേശത്തേയ്ക്ക് വീണ്ടും മടങ്ങിവരും എന്ന് പ്രവാചകനിലൂടെ ജനത്തിന് ഉറപ്പും, പ്രത്യാശയും നൽകുന്നു. കാണാതെ പോയ ഒരു ആടിനെ തേടി കണ്ടെത്തുന്ന ആ ഇടയന്റെ സ്നേഹവും കരുതലും നാം അറിഞ്ഞതാണ്. നമ്മുടെ പാപ വഴികളെ ഉപേക്ഷിച്ചു നാം ദൈവത്തിലേയ്ക് മടങ്ങി വന്നാൽ, തീർച്ചയായും അവൻ നമ്മെ സ്വീകരിക്കും. ദൈവം വീണ്ടും നമുക്ക് അനുകൂലമാകുകയും ശൂന്യമായി കിടക്കുന്ന നമ്മുടെ ജീവിതമേഖലകളെ അധികം നന്മകളാൽ ഫലവത്താക്കുകയും ചെയ്യും.

പരാമർശം:

ലൂക്കോസ് 15:7

അങ്ങനെതന്നെ മാനസാന്തരം കൊണ്ട് ആവശ്യമില്ലാത്ത തൊണ്ണൂറ്റൊമ്പത് നീതിമാന്മാരെക്കുറിച്ചുള്ളതിനെക്കാൾ മാനസാന്തരപ്പെടുന്ന ഒരു പാപിയെച്ചൊല്ലി സ്വർഗത്തിൽ അധികം സന്തോഷം ഉണ്ടാകും എന്നു ഞാൻ നിങ്ങളോടു പറയുന്നു.

സിസ്റ്റർ ഫെബി മറിയം വിനോദ് കായംകുളം 001